പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 773

27.04.2017 -ലെ മറുപടിയ്ക്ക്

## തൊഴിൽജന്യ രോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ശുചിത്വ സൗകര്യങ്ങളുടെയും, ചികിത്സാ സൗകര്യങ്ങളുടെയും അഭാവത്താൽ തൊഴിൽജന്യ രോഗങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തൊഴിൽജന്യ രോഗങ്ങൾ തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | ബി) ഫാക്ടറീസ് ആക്ടിലെ ഷെഡ്യൂൾ 3 പ്രകാരം 29 തൊഴിൽജന്യ രോഗങ്ങൾ പ്രതിപാദിക്കുന്നു. കൊല്ലത്ത് സ്ഥാപിതമായ ഒക്കുപേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിലെ സൗകര്യങ്ങൾ ഉപയോഗിച്ച് തൊഴിൽജന്യ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സർവ്വെ 2015-16 കാലഘട്ടത്തിൽ ക്രഷർ ഫാക്ടറി തൊഴിലാളികളിലും, 2016-17 വർഷങ്ങളിൽ കശുവണ്ടി ഫാക്ടറി തൊഴിലാളികളിലും നടത്തുകയുണ്ടായി. ക്രഷർ ഫാക്ടറി തൊഴിലാളികളിൽ നടത്തിയ സർവ്വെയിൽ 4 തൊഴിലാളികളിൽ സിലിക്കോസിസ് എന്ന തൊഴിൽജന്യ രോഗം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത തൊഴിൽ സ്ഥലം ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ പ്രസ്തുത രോഗത്തിന് കാരണമാകുന്ന സിലിക്കാ പൊടിപടലങ്ങൾ എന്നിവയുടെ അളവ് തിട്ടപ്പെടുത്തി പൊടിപടലങ്ങൾ പുറത്തേക്ക് വമിക്കുന്നത് ക്രഷർ യന്ത്രങ്ങളിൽ തടയുന്നതിനായി ഫാക്ടറി റൂളുകളിൽ ആവശ്യമായ ഭേദഗതി വരുത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മറ്റ് തൊഴിലിടങ്ങളിലെ ആക്ടിൽ പ്രതിപാദിക്കുന്ന തൊഴിൽജന്യ രോഗങ്ങൾ സർവ്വെയിലൂടെ കണ്ടുപിടിച്ച് തടയുന്നതിനു വേണ്ട നടപടികൾ വകുപ്പ് വരുന്ന വർഷങ്ങളിലും ആസൂത്രണം ചെയ്തു വരുന്നു. |

Sreelatha

സെക്ഷൻ ഓഫീസർ